ലക്കം 34

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## സേവനത്തിനായി വിളിച്ചു

സഭയുടെ വിശ്വസ്ത ദാസന്മാരാകുന്ന വ്യക്തികളുടെ ആവശ്യം ഇന്ന് വളരെ വലുതാണ്. ഒരു സഭ കൈകാര്യം ചെയ്യേണ്ട താല്കാലികവും ആത്മീയവുമായ നിരവധി ആവശ്യങ്ങൾ നിലവിലുണ്ട്. സ്വമേധാ ദാനങ്ങൾ സ്വീകരിക്കുക, വിതരണം ചെയ്യുക, സഭാ കെട്ടിടങ്ങളുടെ ശുചീകരണവും അറ്റകുറ്റം തീർക്കൽ പദ്ധതികൾ, വിവിധ പരിപാടികൾ സംഘടിപ്പിക്കുക, രോഗികളെ സന്ദർശിക്കുക, പാവപ്പെട്ടവരെ സഹായിക്കുക മുതലായ ആവശ്യങ്ങൾ ഉണ്ട്. ഈ കർത്തവ്യങ്ങൾ നിശബ്ദമായും എന്നാൽ ഉത്സാഹത്തോടെയും നിർവ്വഹിക്കുന്ന വിശ്വസ്തരും സ്ഥിരതയുള്ളവരുമായ ദാസന്മാർ ഉണ്ടായിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരത്തിന് വലിയ അനുഗ്രഹമാണ്.

ഒരു സഭയുടെ ക്ഷേമവും ദീർഘകാല നിലനില്പും അളക്കുന്നത് സഭയിലെ വിശ്വസ്ത സേവകരുടെ പ്രവർത്തനങ്ങളും, ശുശ്രൂഷകനും, ശുശ്രൂഷയും മുഖാന്തരമാണ്. പല സഭകളിലും താല്കാലിക കാര്യങ്ങളുടെയും ആത്മീയ കാര്യങ്ങളുടെയും ഭാരം സഭാ ശുശ്രൂഷകളിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സഭയുടെ താല്ക്കാലിക കാര്യങ്ങളിൽ ശുശ്രൂഷകൾ വളരെയധികം കേന്ദ്രീകരിക്കുമ്പോൾ ശുശ്രൂഷകന്മാരുടെ മനസ്സും ഊർജ്ജവും ആത്മീയ കാര്യങ്ങളിൽ ഏകാഗ്രമായിരിക്കുകയില്ല. ദാസന്മാരായി സ്വയം സമർപ്പിച്ച് സേവിക്കുക എന്നതു ശുശ്രൂഷകന്മാർക്കു മാത്രം ഉള്ളതെന്നു ധരിക്കാതെ അത് സഭാംഗങ്ങളുടെയും കൂടി ഉത്തരവാദിത്വമെന്നു കരുതണം. ഒരു ദാസൻ എന്നതിന്റെ പരമമായ മാതൃക ക്രിസ്തു നല്കിയിരിക്കുന്നു. “മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനും അത്രേ വന്നത്” (മർക്കൊസ് 10: 45)

ഒരു വീടിന് തുടർച്ചയായ പരിചരണവും പരിപാലനവും ആവശ്യമുള്ളതുപോലെ സഭയുടെ ഭൗതിക സ്വത്തിനും പരിപാലനം ആവശ്യമാണ്. സഭയുടെ താല്ക്കാലിക കാര്യങ്ങൾ ക്രമത്തിൽ ആകാതെ വന്നാൽ പലപ്പോഴും സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾ തടസ്സപ്പെടാറുണ്ട്. ക്രിസ്തുവിന്റെ ശരീരത്തിലെ ഉത്തരവാദിത്വം സഭയുടെ പ്രയോജനത്തിനായി എല്ലാ പ്രായത്തിലുമുള്ള ആളുകൾ അവരവരുടെ വ്യക്തിപരമായ കഴിവുകളിൽ നിന്ന് സേവിക്കുന്നത് കാണുന്നതു എത്ര മനോഹരമാണ്.  നന്നായി പരിപാലിക്കപ്പെടുന്ന ഒരു സഭയും അതിന്റെ താല്ക്കാലിക ആവശ്യങ്ങൾ നന്നായി ക്രമീകരിച്ച് ഭരണം നടത്തുന്നത് ഒരു സാക്ഷ്യവും ലോകത്തിന് ഒരു സാക്ഷിയും ആണ്.



1 കൊരിന്ത്യർ 4:2 പ്രസ്താവിക്കുന്നതു: ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തർ ആയിരിക്കണം എന്നത്രേ. സുവിശേഷത്താലുള്ള ആത്മീയത മാത്രമല്ല, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി സഹായിക്കുന്നതും ശുശ്രൂഷിക്കുന്നതും ദൈവം തന്റെ ജനത്തെ ഭരമേല്പിച്ചിരിക്കുന്നു. ജനത്തിന് വല്ലപ്പോഴുമൊക്കെ സ്വമേധയ പ്രവർത്തിക്കുന്നത് എളുപ്പമാണ്. എന്നാൽ അവർ മറ്റുള്ളവർക്കുവേണ്ടി വിശ്വസ്തതയോടെ പ്രവർത്തിക്കുവാനും യാതൊരു അംഗീകാരവുമില്ലാതെ മാസാമാസം കർത്താവിനുവേണ്ടി സേവനം ചെയ്യാനുമാണ് വിശുദ്ധന്മാർ വിളിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ അർത്ഥം മനുഷ്യന്റെ അംഗീകാരത്തെക്കാൾ ഉപരി സംതൃപ്തി ഉണ്ടാകേണ്ടതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ  നിന്നായിരിക്കണം എന്നത്രേ. ഒരു ദാസന്റെ ജോലി സാധാരണയായി മോടിയുള്ള ഒന്നല്ല, എങ്കിലും അവൻ സേവിക്കുന്നവനെ പ്രീതിപ്പെടുത്തുക എന്നതാണ് പ്രധാനം.

ഒരു ഡീക്കൻ (സഹശുശ്രൂഷകൻ), സണ്ടേസ്കൂൾ അദ്ധ്യാപകൻ, നായക ഗായകൻ, പ്രത്യേക ഗായകൻ, പാചകക്കാരൻ, കാവൽക്കാരൻ അല്ലെങ്കിൽ സഭയിലെ സാധാരണ അംഗം എന്നിവരിൽ ആരായാലും സഭയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ മൂപ്പന്മാർക്ക് (ശുശ്രൂഷകന്മാർക്ക്) ആശ്രയിക്കുവാൻ

**“സഭയുടെ ക്ഷേമവും ദീർഘകാല നിലനില്പും അളക്കുന്നതു സഭയിലെ വിശ്വസ്ത സേവകരുടെ പ്രവർത്തനങ്ങളാലും, ശുശ്രൂഷകനും, ശുശ്രൂഷയും മുഖാന്തരമാണ്.”**


സഹശുശ്രൂഷകന്മാരുടെ യോഗ്യതകൾ 2

പത്രാധിപലേഖനം
ശുശ്രൂഷകന്മാരും സമ്പത്തും 3

ഒരു സഹശുശ്രൂഷകന്റെ കാര്യാലയം 4

ചോദ്യവും - ഉത്തരവും 7

നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് 8

കഴിയുന്ന വിശ്വസ്ത ദാസന്മാർ ആയിരിക്കണം. സുവിശേഷത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ വിശ്വസ്ത സേവനം ചെയ്യുന്നത് സഭയുടെ ആരോഗ്യത്തിനുള്ള അത്ഭുതകരമായ ആസ്തികൾ ആണ്. വൈവിധ്യമാർന്ന അറിവും കഴിവും നല്കി ദൈവം തന്റെ ജനത്തെ അനുഗ്രഹിച്ചു. ജനങ്ങൾ തങ്ങളുടെ കഴിവുകളും സമയവും ദൈവത്തെ പരിപൂർണ്ണമായി സമർപ്പിക്കുകയാണെങ്കിൽ സഭയുടെ താല്ക്കാലികവും ആത്മീയവുമായ ആവശ്യങ്ങളിൽ വളരെ കുറച്ചു മാത്രമേ നിവർത്തിക്കുവാൻ അവശേഷിക്കുകയുള്ളു. ദൈവീകമായ സന്തോഷവും അനുഗ്രഹവും പലപ്പോഴും വരുന്നത് നല്കുകയും സേവിക്കുകയും ചെയ്യുന്ന ത്യാഗത്തിലൂടെയാണ്. നിങ്ങളുടെ കണ്ണുകൾ ഉയർത്തി നിങ്ങളുടെ ചുറ്റും ചെയ്യേണ്ടതായ പ്രവർത്തികൾ കാണുക, കർത്താവിന്റെ ഒരു ദാസനായി സ്വയം പ്രവർത്തിക്കുക ■

## ബൈബിൾ

### എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23, 1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17, റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14, 1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28, വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27, യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5, യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18, റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29, 2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

## തിരുവെഴുത്തുകളിൻ പ്രകാരം സഹശുശ്രൂഷകന്മാരുടെ (ഡീക്കൻ) യോഗ്യതകൾ

(1 തിമൊഥെയോസ് 3:8-13; അപ്പൊ. പ്രവർത്തികൾ 6:3)

- പരിശുദ്ധാത്മ നിറവ്
- ഫലനശാലികൾ ആയിരിക്കണം
- മദ്യപന്മാർ ആയിരിക്കരുത്
- ദുർല്ലാഭ മോഹികൾ ആയിരിക്കരുത്
- വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനഃസാക്ഷിയിൽ സൂക്ഷിക്കുന്നവൻ ആയിരിക്കണം.
- വിശ്വസ്തർ ആയിരിക്കണം.
- പുതിയ ശിഷ്യൻ ആയിരിക്കാതെ പരിചയമുള്ളവൻ ആയിരിക്കണം
- ജ്ഞാനത്താൽ നിറഞ്ഞവൻ ആയിരിക്കണം.
- നിർമ്മദർ ആയിരിക്കണം.
- അനിന്ദ്യർ ആയിരിക്കണം
- ഏഷണി പറയാത്ത നിർമ്മദരായ ഭാര്യയുള്ളവർ ആയിരിക്കണം
- മക്കളെയും സ്വന്തകുടുംബത്തെയും നന്നായി വളർത്തുന്നവൻ ആയിരിക്കണം

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കി കൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യു. സ്മിത്ത്

# പത്രാധിപലേഖനം



യേശുക്രിസ്തുവിന്റെ രഹസ്യങ്ങളുടെ ശുശ്രൂഷകന്മാർ ആയിരിക്കുന്നവർ എല്ലാ മനുഷ്യരെയും, എല്ലാവിധത്തിലും പ്രസാദിപ്പിക്കണം. അവർ മാംസത്തിന്റെയും പാനീയങ്ങളുടെയും ശുശ്രൂഷക്കാർ (മാത്രം) അല്ല. പിന്നെയോ, ദൈവസഭയുടെ ദാസന്മാർ ആണ് (ഇഗ്നേഷ്യസ് ട്രാലിയൻസിന് എഴുതിയ ലേഖനം, രണ്ടാം നൂറ്റാണ്ട്)

ഈ ലക്കത്തിലെ വിഷയം സഹശുശ്രൂഷകന്മാരുടെ കാര്യാലയത്തെക്കുറിച്ചാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം ആണ്. അതു മനസ്സിലാക്കുകയും കൂടുതൽ ഗൗരവമായി എടുക്കുകയും ചെയ്താൽ, സുവിശേഷ പ്രവർത്തനം കൂടുതൽ സുഗമമായി നടക്കുമെന്നും സഭകൾ മെച്ചപ്പെട്ട അവസ്ഥയിൽ ആയിരിക്കുമെന്നും എനിക്കു ബോധ്യമുണ്ട്. എന്റെ ഗവേഷണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ അതു ഒരു ബുദ്ധിമുട്ടുള്ള വിഷയമാണ് എന്ന നിഗമനത്തിൽ ഞാൻ എത്തിയ സമയത്താണ്, സി.ഇ. ബ്രൗണും ഇതേ നിഗമനത്തിൽ എത്തിയതായി "അപ്പൊസ്തോലിക സഭയിൽ" ഞാൻ വായിച്ചത്. "ആദിമ സഭയുടെ ഭരണഘടനയുടെ ഏതു ഘട്ടത്തിലും സഹശുശ്രൂഷകന്റെ കാര്യാലയത്തെക്കുറിച്ചുള്ള പഠനം ഒരുപക്ഷേ ഏറ്റവും ബുദ്ധിമുട്ടാണ്", സഹശുശ്രൂഷകന്മാരുടെ കാര്യാലയത്തെക്കുറിച്ച് വളരെ കുറച്ചുമാത്രമേ പറഞ്ഞിട്ടുള്ളു എന്നതിനാലാണ് ഈ ബുദ്ധിമുട്ട് ഉണ്ടാകുന്നത്. അതിനാൽ പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ ചരിത്രത്തോടൊപ്പം ഏതാനും തിരുവെഴുത്തുകളും വായിക്കണം. ദൈവസഭയുടെ സുഗമമായ പ്രവർത്തനത്തിന് സഹശുശ്രൂഷകന്മാർ അത്യന്താപേക്ഷിതമാണ്. എല്ലാവരും സേവനത്തിനായി വിളിക്കപ്പെടുമ്പോൾ പല സഭകളിലും സഹശുശ്രൂഷകന്മരായി സേവനം അനുഷ്ഠിക്കുന്നവർക്ക് ഒരു കാര്യാലയത്തിന്റെ ഉത്തരവാദിത്വത്തിലേക്ക് നിയമിക്കപ്പെടുന്നില്ല എന്നതു സത്യമാണ്. ഒരു ട്രസ്റ്റിയുടെയോ ട്രഷററുടെയോ പരിമിതമായ കാലാവധിയെക്കാൾ സേവനത്തിനും ആത്മീയ നേതൃത്വത്തിനും ദൈവത്തിന്റെ പ്രത്യേക വിളിയുള്ള വ്യക്തികളാണ് ഇവർ. സഭയുടെ താല്ക്കാലിക ആവശ്യങ്ങളിൽ അചഞ്ചലവും ഉത്സാഹവും ജോലിയിൽ അദ്ധ്വാനിക്കുന്നവരും ആത്മീയവും സ്ഥിരതയുമുള്ള കൈത്താങ്ങായിരിക്കുകയും ചെയ്യുന്ന വിശ്വസ്തരായ ചുരുക്കം ചില ആളുകളാണ് ഇവർ. മറ്റ് ഏതെങ്കിലും പേരിലുള്ള ഒരു സഹ ശുശ്രൂഷകൻ ഇപ്പോഴും സഹശുശ്രൂഷകൻ തന്നെയാണ്, എന്നാൽ തിരുവെഴുത്തുകളിൽ ഉദാഹരിച്ചിരിക്കുന്നതുപോലെ പ്രാദേശിക സഭകളിൽ ഈ ദൈവീക കാര്യാലയത്തിലേക്കുള്ള ദൈവീക വിളിയുടെ മൂല്യം അംഗീകരിക്കേണ്ടതുണ്ട്. ആശയകുഴപ്പം ഉണ്ടാകരുത്. ദൈവത്തിന്റെ സഭയ്ക്ക് ശീർഷകമുള്ള ഒരു ശുശ്രൂഷയോ തലക്കെട്ടോടുകൂടിയ സഹ ശുശ്രൂഷകനോ ഇല്ല. ഈ കാര്യാലയങ്ങൾ സ്ഥാനമോ, അംഗീകാരമോ, പദവിയോ പരിഗണിക്കാതെ ദൈവീക സേവനത്തിനുള്ളതാണ്. ഔദ്യോഗിക കാര്യാലയ പദവിയെക്കാൾ പ്രധാനം സ്നേഹത്തിന്റെയും എളിമയുടെയും ആത്മാവിലുള്ള സേവനമാണ്.

അപ്പോസ്തലന്മാരുടെ കാലം മുതൽ സഹ ശുശ്രൂഷകന്മാരുടെ കാര്യാലയം ദൈവസഭയുടെ ഭാഗം ആയിരുന്നു. എന്നാൽ വിശ്വാസ ത്യാഗവും റോമൻ കത്തോലിക്കാ സഭയുടെ മനുഷ്യസംഘടനകളും ഈ വിഷയം മലിനമാക്കിയെങ്കിലും ഈ വിഷയത്തെ സംബന്ധിച്ച പഠനവും പരിശീലനവും തുടരേണ്ടതു പ്രധാനമാണ്. സഹശുശ്രൂഷകന്മാരെക്കുറിച്ച് ജനങ്ങൾക്ക് തെറ്റായ ധാരണ ഉണ്ട്. ശുശ്രൂഷകന്മാർ പോയിക്കഴിഞ്ഞാലും അധികാരത്തിൽ മാറ്റമില്ലാതെ എന്നന്നേയ്ക്കുമായി നിലനിൽക്കുന്ന ഒരു വൃദ്ധനായിട്ടാണ് സഹശുശ്രൂഷകന്മാരെ പലരും കാണുന്നത്. അതു ശരിയാണ് താനും. എന്നിരുന്നാലും താല്ക്കാലികവും ആത്മീയവുമായ നവീകരണത്തിനായി ശുശ്രൂഷയെ വിശ്വസ്തതയോടെ സഹായിക്കുന്ന ഒരു സേവകനാണ് സഹ ശുശ്രൂഷകൻ അഥവാ ഡീക്കൻ. സഹ ശുശ്രൂഷകന്മാർ ശുശ്രൂഷകളുടെ അധികാരത്തിന് വിധേയമായിരിക്കുകയും ജനങ്ങളെ ബഹുമാനിക്കുകയും താഴ്മയോടെ കർത്താവിനെ സേവിക്കുകയും വേണം. നല്ലൊരു ശുശ്രൂഷകൻ സ്ഥിരതയുള്ളവനും ഉത്സാഹമുള്ളവനും എല്ലാവർക്കും സേവനത്തിന്റെ മാതൃകയും ആയിരിക്കും.

സഹ ശുശ്രൂഷകന്റെ കാര്യാലയത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ദൈവസഭയെ ദൈവം കൂടുതൽ അനുഗ്രഹിക്കട്ടെ.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org


## ശുശ്രൂഷകന്മാരും സമ്പത്തും



സഭയുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ ഏഴുപേരെ തിരഞ്ഞെടുക്കുവാൻ അപ്പൊസ്തലന്മാർ യെരുശലേമിലെ സഭയെ ചുമതലപ്പെടുത്തി. ദാനധർമ്മ വിതരണത്തിലെ അന്യായത്തെക്കുറിച്ച് ഗ്രീക്കുകാർ പരാതിപ്പെട്ടപ്പോൾ ആണ് ഇങ്ങനെ ചുമതലപ്പെടുത്തിയത്. എല്ലായ്പ്പോഴും സാധ്യമല്ലെങ്കിലും ഒരു ട്രസ്റ്റിയായോ സഭയുടെ സാമ്പത്തിക കാര്യങ്ങളിൽ ഇടപെടുന്നതിൽ നിന്നോ, ഒരു ശുശ്രൂഷകൻ പിന്മാറി നില്ക്കുന്നത് ബുദ്ധിപരവും ശത്രുവിന്റെ പരിഹാസത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുവാൻ അതു സഹായിക്കുകയും ചെയ്യും. ആരാണ് സഭയെ സാമ്പത്തികമായി സഹായിക്കുന്നത് എന്നുള്ളതു പരിഗണിക്കാതെ പ്രസംഗിക്കുവാൻ ഇതു ശുശ്രൂഷകനെ സഹായിക്കും. തിരുവെഴുത്തുകളിലെ മാതൃക പ്രകാരം അവരവരുടെ പ്രാദേശിക സഭകളിലെ സാമ്പത്തിക കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കുവാൻ സഭയിൽ നല്ല അഭിപ്രായമുള്ളവരെ അനുവദിക്കണം.

# ഒരു സഹശുശ്രൂഷകന്റെ കാര്യാലയം

**ധാരാളം ആത്മീയ വരങ്ങൾ ഉണ്ടെങ്കിലും പരിശുദ്ധാത്മാവിന്റെ അധികാരത്തിൻ കീഴിലുള്ള നേതൃത്വത്തിനും പ്രവർത്തനത്തിനുമായി പുതിയനിയമ സഭയ്ക്ക് ബൈബിളിൽ നിർവ്വചിച്ചിരിക്കുന്ന രണ്ട് കാര്യാലയങ്ങളാണ് ബിഷപ്പിന്റെയും സഹശുശ്രൂഷകന്റെയും കാര്യാലയങ്ങൾ (1 തിമൊഥെയൊസ് 3:1,8)**



**സഹശുശ്രൂഷകൻ എന്നാൽ ഒരു പരിചാരകൻ, മേശമേൽ ശുശ്രൂഷിക്കുന്നവൻ, ശുശ്രൂഷകൻ, സേവകൻ എന്നാണ് അർത്ഥം**

ബിഷപ്പിന്റെ കാല്യലയം തിരുവെഴുത്തുകളിൽ മൂപ്പന്റെ കാര്യാലയത്തിന്റെ പര്യായമാണ്, കൂടാതെ വിളിക്കപ്പെട്ടവരും യോഗ്യതയുള്ളവരുമായ ദൈവവചനത്തിന്റെ പ്രസംഗകരെ സൂചിപ്പിക്കുവാനുമുള്ള ഒരു പദമാണ് ഇത്. ബിഷപ്പുമാരും മൂപ്പന്മാരും ഒരുപോലെ ആയിരുന്നു എന്നതിന് നിരവധി തെളിവുകൾ ഉണ്ട്. റോമൻ കത്തോലിക്ക സഭയിലെ വിശ്വാസത്യാഗം വരെ ഒരു വ്യത്യാസവും ഉടലെടുത്തിരുന്നില്ല.

രണ്ടാമത്തെ കാര്യാലയം സഹശുശ്രൂഷകന്റെതാണ്. സഭയുടെ താല്ക്കാലിക കാര്യങ്ങളിൽ ശുശ്രൂഷിക്കുകയും മൂപ്പന്മാരെ സഹായിക്കുകയും ചെയ്യുന്നവരാണ് സഹശുശ്രൂഷകന്മാർ. ഒരു സഹശുശ്രൂഷകന്റെ യോഗ്യതകൾ “പഠിപ്പിക്കുവാൻ യോഗ്യൻ” എന്നതൊഴിച്ചാൽ ബിഷപ്പിനു സമനാണ്. ഇതു ദൈവീകമായി നിയമിക്കപ്പെട്ട ഒരു കാര്യാലയമാണ്. അത് ആത്മീയമായ യോഗ്യതയുള്ളവർ മാത്രമേ വഹിക്കാവൂ.

## പൊതുവായ സൂചനകൾ

ബൈബിളിൽ സഹശുശ്രൂഷയുടെയും അതിന്റെ യോഗ്യതകളെക്കുറിച്ചും വ്യക്തമായി പഠിപ്പിക്കുന്നുണ്ടെങ്കിലും കാര്യാലയത്തിന്റെ എല്ലാ ചുമതലകളോ ഭരണനിർവ്വഹണമോ വിശദമായി പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ സഹശുശ്രൂഷകന്റെ കാര്യാലയത്തെക്കുറിച്ചുള്ള ബൈബിൾ പഠനവും കുറച്ച് ബുദ്ധിമുട്ടുള്ളതും അവ്യക്തവുമാണ്. ജോലിയെക്കുറിച്ചുള്ള വിവരണത്തെക്കാൾ സഹശുശ്രൂഷകന്റെ സ്വഭാവത്തെക്കുറിച്ചാണ് ദൈവം കൂടുതൽ ശ്രദ്ധിക്കുന്നത്. അപ്പൊസ്തോലിക സഭയിൽ ഉദാഹരിക്കുന്നതിനുമപ്പുറം ഭരണ മേല്ക്കോയ്മയുടെ ഒരു ശ്രേണി സൃഷ്ടിക്കാതെ രണ്ട് കാര്യാലയങ്ങളും സമതുലിതാവസ്ഥയിൽ മനസ്സിലാക്കേണ്ടതു വളരെ പ്രധാനമാണ്. അതുകൊണ്ട് ബൈബിളിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കുകയും ചരിത്രത്തിന്റെ വെളിച്ചത്തിൽ സഭയുടെ പ്രായോഗിക ആത്മീകതയും താല്ക്കാലികമായ ആവശ്യങ്ങളും വിശകലനം ചെയ്യേണ്ടതും പ്രധാനമാണ്.

## നിർവ്വചനം

സഹശുശ്രൂഷകന്റെ (ഡീക്കൻ) ഗ്രീക്കുപദമായ diakonos എന്ന വാക്ക് വിവർത്തനം ചെയ്തിരിക്കുന്നതു ഒരു പരിചാരകൻ, മേശമേൽ ശുശ്രൂഷിക്കുന്നവൻ, ശുശ്രൂഷകൻ, സേവകൻ എന്നാണ് (സ്ട്രേങ്ങിന്റെ നിഘണ്ടു/തായറുടെ ഗ്രീക്ക് നിർവ്വചനങ്ങൾ) പുതിയ നിയമത്തിലുടനീളം ഡയക്കണോസ് എന്ന വാക്ക് കുറഞ്ഞതു 30 തവണയെങ്കിലും ഉപയോഗിച്ചിട്ടുണ്ട്. സന്ദർഭമനുസരിച്ച് വ്യത്യസ്തമായും വിവർത്തനം ചെയ്തിട്ടുമുണ്ട്. സഹശുശ്രൂഷകന്റെ ഔദ്യോഗിക കാര്യാലയത്തെ സൂചിപ്പിക്കുവാൻ ഇതു അപൂർവ്വമായി ഉപയോഗിക്കാറുമുണ്ട്. വിവരിച്ചു കാണിക്കുവാനായി ഏതാനും തിരുവെഴുത്തുകൾ പരിഗണിക്കാം. മത്തായി 20:26ൽ ഇങ്ങനെ വായിക്കുന്നു. “നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം (ഡയാക്കണോസ്/ ഡീക്കൻ) റോമർ 13:4ൽ ഗവൺമെന്റ് ഭരണാധികാരികളെ ശുശ്രൂഷകന്മാരായി പരിഗണിക്കുന്നു (ഡയാക്കണോസ് / ഡീക്കൻ) ദൈവത്തിന്റെ കൃപയുടെ ദാനമനുസരിച്ച് (എഫേസ്യർ 3:7) വിവിധ ഭാഗങ്ങളിൽ ഡയക്കണോസ് “ശുശ്രൂഷകൻ” എന്ന് ചെയ്തിട്ടുമുണ്ട്. “നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആയിരിക്കണം (ഡയാക്കണോസ്/ ഡീക്കൻ) (മത്തായി 23:11) മത്തായി 23:13ലും യോഹന്നാൻ 2:9ലും രാജാവിന്റെ അക്ഷരീയ സേവകരെ ഡയാക്കണോസ് / ഡീക്കൻ എന്ന് വിളിച്ചിരിക്കുന്നു. സേവനത്തിന്റെയും ശുശ്രൂഷയുടെയും വിവിധ തലങ്ങളിൽ ഉള്ളവരെ ദൈവത്തിന്റെ വിശുദ്ധന്മാരെ ഡയാക്കണോസ് എന്ന് വിളിച്ചിരിക്കുന്നു.

## ഒരു സഹ ശുശ്രൂഷകന്റെ കാര്യാലയം

ഏകദേശം ഏ.ഡി. 62ൽ ഫിലിപ്പിയിലെ സഭയെ പൗലൊസ് അഭിസംബോധന ചെയ്തപ്പോൾ ഡയാക്കണോസ് എന്ന പദത്തിന് കൂടുതൽ സാങ്കേതികത്വം ഉണ്ടായി. “ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും (ഡയാക്കണോസ്) കൂടെ എഴുതുന്നത് (ഫിലിപ്പിയർ 1:1) വിശുദ്ധന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് സഭയിലെ രണ്ട് വ്യത്യസ്ത കാര്യാലയങ്ങൾ, ബി ഷപ്പുമാർ (മൂപ്പന്മാർ) സഹശുശ്രൂഷകന്മാർ (ഡീക്കന്മാർ) എന്നീ നിലയിൽ വ്യക്തമാക്കുന്നു. ഈ അഭി

സംബോധന ആദിമസഭയിലെ സംഘടനാ സംവിധാനം മനസ്സിലാക്കുവാൻ പ്രധാനപ്പെട്ടതാണ്. കൂടാതെ കൂടുതൽ വിശ്വസ്യതയും അംഗീകാരവും സഹശുശ്രൂഷകന്മാരുടെ കാര്യാലയത്തിന് നല്കികൊണ്ട് പൗലൊസ് രണ്ട് കാര്യാലയങ്ങളുടെയും യോഗ്യതകൾ 1 തിമൊഥെയൊസ് 3 ൽ പ്രത്യേകം പറയുന്നു. "ഒരുവൻ അദ്ധ്യക്ഷസ്ഥാനം (ബിഷപ്പ്) കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത് വിശ്വാസയോഗ്യം ആകുന്നു. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി..... അവ്വണ്ണം ശുശ്രൂഷകന്മാർ (ഡീക്കന്മാർ) ഘനശാലികൾ ആയിരിക്കണം. പൗലൊസ് ഇതു എഴുതുന്ന സമയം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ വ്യക്തവും അംഗീകൃതവുമായ കാര്യാലയവും സ്ഥാനവും ലളിതമായ ശുശ്രൂഷയും സഹശുശ്രൂഷകന് ഉണ്ടായിരുന്നു എന്നുള്ളത് വ്യക്തമാക്കുന്നു.

## കാര്യാലയത്തിന്റെ ആവശ്യകത

അപ്പൊസ്തോലിക സഭയുടെ പ്രവർത്തനങ്ങളിൽ സഹശുശ്രൂഷകന്മാർ നിലനിന്നിരുന്നു എന്നതിന് ഇപ്പോൾ മനസ്സിലാക്കിയ അടിസ്ഥാനത്തിന്മേൽ "സഹശുശ്രൂഷകന്റെ ഉദ്ദേശം എന്താണ്? എന്ന ചോദ്യം അവശേഷിക്കുന്നു. തിരുവെഴുത്തു എല്ലാ വിശദാംശങ്ങളും വ്യക്തമാക്കുന്നില്ലെങ്കിലും തിരുവെഴുത്തുകളിലെ ഉദാഹരണങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാം. ക്രിസ്തുവിന്റെ പ്രഥമ ദൗത്യം സുവിശേഷം അറിയിക്കുക എന്നതായിരുന്നു. എന്നാൽ ദരിദ്രരെ സേവിക്കുവാനും അവരെ ശാരീരികമായി ശുശ്രൂഷിക്കുവാനും അവിടുന്ന് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. യേശുവിനും ശിഷ്യന്മാർക്കും ഭാഗീകമായെങ്കിലും സംഭാവനകൾ വഴി സാമ്പത്തിക സഹായം ലഭിച്ചു (ലൂക്കോസ് 8:3) സാമ്പത്തിക ഇടപാട് നടത്തുവാനും നിയന്ത്രിക്കുവാനും ഒരാളുടെ ആവശ്യം ഉണ്ടായിരുന്നു. പണം അടങ്ങിയ പൊതു പേഴ്സ് യൂദാസ് കൈവശം വച്ചിരുന്നതായി തോന്നുന്നു. (യോഹന്നാൻ 13:29). പൊതു ഫണ്ടുകളുടെ വിനിമയത്തിന് മേൽനോട്ടം വഹിക്കുവാനുള്ള ഒരാളുടെ പ്രായോഗിക ആവശ്യം ഇതു വെളിപ്പെടുത്തുന്നു.

## സേവനത്തിനായി തെരഞ്ഞെടുത്തു

പെന്തക്കോസ്ത് ദിവസത്തിനുശേഷം സഭ വളരെ വേഗത്തിൽ വളർന്നു, അപ്പൊസ്തലന്മാർ സുവിശേഷം അറിയിക്കുക മാത്രമല്ല സഭയുടെ സാമ്പത്തികവും കൈകാര്യം ചെയ്യുകയും ചെയ്തു. അപ്പൊ. പ്രവത്തികൾ 6:1-6ൽ വിശദീകരിച്ചിരിക്കുന്നത് ആയിരിക്കാം സഹശുശ്രൂഷകന്റെ കാര്യാലയം ആത്യന്തികമായ വികാസത്തിലേക്ക് നയിച്ച വിവരണം.

> ആ കാലത്തു ശിഷ്യന്മാർ പെരുക വരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂഷയിൽ (ഡയാക്കൊനിയ/ഡീക്കൻ ഷിപ്പ്) ഉപേക്ഷയായി വിചാരിച്ചു എന്ന് യവനായർ എബ്രായയഭാഷക്കാരുടെ നേരെ പിറുപിറുത്തു. പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി: ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ (ഡയാക്ക്നെയോ/ഡീക്കൺ) ചെയ്യുന്നതു യോഗ്യമല്ല. ആകയാൽ സഹോദരന്മാരെ ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യവുമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ നിന്നുതന്നെ തിരഞ്ഞെടുത്തുകൊള്ളുവിൻ; അവരെ ഈ വേലയ്ക്ക് ആക്കാം. ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും (ഡയാക്കൊനിയ / ഡീക്കൻഷിപ്പ്) ഉറ്റിരിക്കും എന്നു പറഞ്ഞു. ഈ വാക്ക് കൂട്ടത്തിനൊക്കെയും ബോദ്ധ്യമായി; വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷന്മാരായ സ്തെഫാനൊസ് ഫിലിപ്പൊസ്, പ്രൊഖൊരൊസ്, നിക്കാനോർ, തിമോൻ, പർമ്മെനാസ്, യഹൂദമതാനുസാരിയായ അന്ത്യോക്യക്കാരൻ നിക്കൊലാവൊസ് എന്നിവരെ തിരഞ്ഞെടുത്തു അപ്പൊസ്തലന്മാരുടെ മുമ്പാകെ നിർത്തി; അവർ പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ചു.

ഈ ഏഴുപേരും മേശമേൽ ശുശ്രൂഷിക്കുവാനോ അല്ലെങ്കിൽ സാമ്പത്തിക കാര്യങ്ങൾ യെരുശലേമിലെ സഭയുടെ താല്ക്കാലിക ആവശ്യങ്ങൾക്ക് കൈകാര്യം ചെയ്യുന്നതിനോ ആയി നിയോഗിക്കപ്പെട്ടു. ആദ്യകാല രചനകൾ ഈ ഏഴുപരെ ആദ്യത്തെ സഹശുശ്രൂഷകന്മാരായി പരാമർശിച്ചിരിക്കുന്നു. (രണ്ടാം നൂറ്റാണ്ടിലെ ഐറേനിയസ്); ലൂക്കോസിന്റെ രചനയായ അപ്പൊസ്തലന്മാരുടെ പ്രവർത്തികളിൽ ഈ ഏഴുപേരെ കൃത്യമായി സഹശുശ്രൂഷകന്മാരായി പരാമർശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചരിത്രപരമായും ദൈവശാസ്ത്രപരമായും വിവാദം ഈ കാര്യത്തിൽ നിലനില്ക്കുന്നുണ്ട്. സഭ അതിന്റെ വളർച്ചയുടെ പാതയിലാണ്



**സഹശുശ്രൂഷകന്മാരായി വിളിക്കപ്പെടുന്നവർ സഭയുടെ യോഗ്യരായ സേവകരുമാണ്.**


എന്നുള്ളത് ശ്രദ്ധേയമാണ്. ചുരുങ്ങിയത് അപ്പൊസ്തല പ്രവർത്തികൾ 6ൽ എടുത്തു കാണിക്കുന്ന സവിശേഷത ശൈശവസമയത്തെ കാര്യാലയവും സഹശുശ്രൂഷകന്മാരുടെ ആവശ്യവും പൗലൊസ്, 1 തിമൊഥെയൊസ് എഴുതുമ്പോൾ വർദ്ധിച്ചു വന്നു എന്നതാണ് വസ്തുത.

## കടമകളും ഉത്തരവാദിത്വങ്ങളും

ലളിതമായി പറഞ്ഞാൽ സഹശുശ്രൂഷകന്മാരായി നിയമിക്കപ്പെടുന്നവർ സഭയുടെ യോഗ്യരായ സേവകന്മാരാണ്. ചരിത്രകാരനും ദൈവശാസ്ത്രജ്ഞനുമായ ആഡം ക്ലാർക്ക് സഹശുശ്രൂഷകന്മാരെക്കുറിച്ച് 'ആദിമ സഭയിലെ ഒരു സഹശുശ്രൂഷകന്റെ കാര്യാലയം അഗപ്പെ അല്ലെങ്കിൽ സ്നേഹ വിരുന്നിൽ സേവിക്കുക, തിരുവത്താഴത്തിൽ പങ്കെടുക്കുന്നവർക്ക് അപ്പവും വീഞ്ഞും വിതരണം ചെയ്യുക; ആരാധനയുടെ വിവിധ ഭാഗങ്ങളും സമയവും പ്രഖ്യാപിക്കുക; സഭയിൽ വിധവകൾ, അനാഥർ, തടവുകാർ, രോഗികൾ എന്നിവരെ പരിചരിക്കുന്നതിനും അവർ സഭയുടെ വരുമാനത്തിൽ നിന്ന് ചെയ്യുകയും ..... ദരിദ്രരുടെ സംരക്ഷണവും ഇടയ്ക്കിടെ പ്രസംഗിക്കുകയും ചെയ്തുവന്നിരുന്നു" എന്നെഴുതി (ആഡം ക്ലാർക്ക് കമന്ററി, മത്തായി 20:26)

## താല്ക്കാലിക കാര്യങ്ങളുടെ കാര്യവിചാരകൻ

സഹശുശ്രൂഷകന്മാരുടെ പ്രാഥമിക ഉത്തരവാദിത്വങ്ങളിൽ ഒന്ന് വിവാദത്തിന് ഇടയാകാതെ സഭാഫണ്ടുകൾ കാര്യവിചാരണ ചെയ്യുന്നതാണ്. "യഹൂദന്മാരുടെ പുരാതന സിനഗോഗുകളിൽ ദരിദ്രന്മാരുടെ സംരക്ഷണത്തിന് 3 പുരുഷന്മാർ ഉണ്ടായിരുന്നു.... ഇവരിൽ നിന്ന് ആയിരിക്കാം



**"ഒരു യഥാർത്ഥ സഹശുശ്രൂഷകൻ താല്ക്കാലിക കാര്യങ്ങളിൽ മാത്രമല്ല ശുശ്രൂഷയുടെ വലംകൈയ്യായി ഏത് ആപൽഘട്ടങ്ങളിലും പ്രവർത്തിക്കേണ്ടതാണ്."**

ക്രിസ്ത്യൻ സഭകളിൽ സഹശുശ്രൂഷകന്മാരെ നിയമിക്കുന്നതിന് അപ്പൊസ്തലന്മാർക്കു ആശയം ലഭിച്ചത്, കാരണം അവരുടെ ചുമതലകൾ ഒന്നായിരുന്നു (ആൽബർട്ട് ബാൺസ്, നോട്ട്സ് ഓൺ ദി ബൈബിൾ, അപ്പൊ:പ്ര 6)

പാവപ്പെട്ടവർക്കുള്ള ഭക്ഷണ വിതരണത്തിന്റെയും സഭയുടെ പണം കൈകാര്യം ചെയ്യുന്നതിന്റെയും മേൽനോട്ടം വഹിക്കുവാനുള്ള ചുമതല തുടക്കത്തിൽ ഏഴുപേർക്കു നല്കി. ചരിത്രത്തിലുടനീളം കത്തോലിക്ക പ്രൊട്ടസ്റ്റന്റ് സഭകളിലെ സഹശുശ്രൂഷകന്മാർക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ വളർന്നു വന്നപ്പോൾ അതു ജഢീകവും വിഭാഗീയവുമായ വഴികളിലേക്ക് പരിണമിച്ചു. ചർച്ച് ഓഫ് ഗോഡ് മൂപ്പനായ ബ്രദർ. എഡ്. വിൽസൺ എഴുതി: "കർത്തവ്യങ്ങളുടെയും അനുവദനീയമായ പ്രവർത്തനങ്ങളുടെയും കൃത്യമായ വേർതിരിവ് നല്കേണ്ടത് ആവശ്യമാണ്. ആത്മീയവും താല്ക്കാലികവുമായ ശുശ്രൂഷകൾ സ്വതന്ത്രമായും സംഘർഷം ഇല്ലാതെയും ചേർന്നു പോകുകയും ചെയ്യുന്നു. കാരണം എല്ലാത്തരവുമായ സകല പ്രവർത്തനങ്ങളും പുറപ്പെട്ടു വരുന്നത് ഹൃദയത്തിന്റെ ലക്ഷ്യങ്ങളിൽ നിന്നാണ്'. അതിനാൽ ഏതെങ്കിലും തരത്തിലുള്ള മറ്റ് ഉത്തരവാദിത്വങ്ങളുടെ രൂപരേഖ നല്കുന്നതിൽ ജാഗ്രത പാലിക്കണം, ഏതെങ്കിലും കാര്യാലയത്തിന്റെ അന്തർജ്ഞാനപരവും പ്രായോഗികവുമായ വശങ്ങൾ ഉണ്ടെങ്കിൽ അതു ബൈബിളിൽ പറഞ്ഞിട്ടില്ലെങ്കിലും തിരുവെഴുത്തുകളുടെ വ്യവസ്ഥയ്ക്ക് അനുസൃതമാണ്."

സഹശുശ്രൂഷകന്റെ കാര്യാലയം സേവനാധിഷ്ഠിതമാണ്. കൂടാതെ ഒരു സഭയിൽ മേൽനോട്ടം ആവശ്യമുള്ള നിരവധി താല്ക്കാലിക ചുമതലകൾ ആഴ്ചതോറും ഉണ്ട് (അതായത് സഭാ സൗകര്യങ്ങളുടെ പരിപാലനം, കാവല്ക്കാരുടെ ജോലി, ശബ്ദവും വെളിച്ചവും മുതലായവ). ഈ കർത്തവ്യങ്ങൾ സാധാരണ അംഗങ്ങൾ കൈകാര്യം ചെയ്തേക്കാം. പക്ഷേ അവ ഒരു സഹശുശ്രൂഷകന്റെ പരിധിയിൽ വരുന്നതാണ്. സഭയുടെ ധനകാര്യങ്ങളും ദാനധർമ്മങ്ങളും കൈകാര്യം ചെയ്യുന്നതും സഹശുശ്രൂഷകന്റെ പരിധിയിൽ വരും. സഹശുശ്രൂഷകന്മാർ സഭയുമായി ആശയവിനിമയം നടത്തുകയും പൊതു ചെലവുകൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ശുശ്രൂഷയുടെ കൈത്താങ്ങ് എന്നിവയ്ക്കായി സ്വമേധാ ദാനങ്ങൾ പതിവായി വാങ്ങുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം. എല്ലാ ഫണ്ടുകളും ന്യായമായും സത്യസന്ധമായും വിതരണം ചെയ്യണം. സഹശുശ്രൂഷകന്മാർ തങ്ങളുടെ ഉത്തരവാദിത്വങ്ങളോട് വിശ്വസ്തത പുലർത്താത്തതിനാൽ നിരവധി പാസ്റ്റർമാരും സഭകളും കുഷ്ടത അനുഭവിച്ചിട്ടുണ്ട്.

## ശുശ്രൂഷയുടെ സഹായികൾ

പ്രവർത്തികൾ 6 ൽ സഭ തെരഞ്ഞെടുത്ത ഏഴുപേരെ അപ്പൊസ്തലന്മാർ സ്ഥിരീകരിച്ചത് ശ്രദ്ധിക്കേണ്ടതും അവരുടെ ഉദ്ദേശം അപ്പൊസ്തലന്മാരെ അവരുടെ ചുമതലകളിൽ സഹായിക്കുന്നതിനും ചില കർത്തവ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനും ആയിരുന്നു. അതൊരു മാതൃകയോ മുൻവിധിയോ എന്ന നിലയിൽ സഹശുശ്രൂഷകന്മാർ അവരുടെ ഉത്തരവാദിത്വങ്ങൾ ചരിത്രപരമായി താല്ക്കാലിക ചുമതലകൾക്ക് അപ്പുറത്തേക്ക് പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാണ്.

ഒരു യഥാർത്ഥ സഹശുശ്രൂഷകൻ താല്ക്കാലിക കാര്യങ്ങളിൽ മാത്രമല്ല ശുശ്രൂഷയുടെ വലംകൈയ്യായി ഏത് ആപൽഘട്ടങ്ങളിലും പ്രവർത്തിക്കേണ്ടതാണ്.

## വിശ്വസ്തവും ആത്മീയവുമായ നേതൃത്വം

അവരുടെ ഉയർന്ന ആത്മീയ യോഗ്യതകളും ജനങ്ങളുടെ ആത്മവിശ്വാസവും കാരണം സഹശുശ്രൂഷകന്മാർ താല്ക്കാലികമായി മാത്രമല്ല, ആത്മീയമായ നേതൃത്വവും നല്കുന്നു. സഭാ ശുശ്രൂഷകന്റെ അഭാവത്തിൽ ആശ്രയിക്കുവാൻ കഴിയുന്ന ഒരാളാണ് സഹശുശ്രൂഷകൻ. സഭയിൽ ആവശ്യമുള്ളപ്പോൾ ശുശ്രൂഷകൾ നയിക്കുന്നതിനും കൂട്ടായ്മയുടെ ക്രമം പരിപാലിക്കുന്നതിനും യോഗ്യതയുള്ളവരാണ് സഹശുശ്രൂഷകന്മാർ. അവർ യോഗങ്ങൾ സംഘടിപ്പിക്കുവാനും സുഗമമാക്കുവാൻ സഹായിക്കുവാനും മൂപ്പന്മാർക്കും സഭയ്ക്കും ഇടയിൽ ഒരു പാലമായി പ്രവർത്തിക്കുന്നു. ആഡം ക്ലാർക്ക് സഹശുശ്രൂഷകന്മാരെക്കുറിച്ച് രസകരമായ ഒരു നിരീക്ഷണം നടത്തിയതു: "അവർ ഇടയ്ക്കിടെ പ്രസംഗിക്കുന്നു" എന്നാണ്. ചില സഹശുശ്രൂഷകന്മാർ പ്രവർത്തികളുടെ പുസ്തകത്തിൽ സ്തെഫാനോസും ഫിലിപ്പും ചെയ്തതു പോലെ വചനം ശുശ്രൂഷിക്കും. വിശ്വസ്തരായ സഹശുശ്രൂഷകന്മാർ പാസ്റ്ററുടെ ഒഴിവിൽ ആ വിടവ് നികത്തുകയും മൂപ്പന്മാർ പഠിപ്പിച്ച സത്യവും വിശുദ്ധിയും പ്രത്യക്ഷമായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

കത്തോലിക്കാ സഭയുടെ ഉദയത്തോടെ സഹശുശ്രൂഷകന്മാരുടെ കാര്യാലയം മതേതരവല്ക്കരിക്കപ്പെടുകയും രാഷ്ട്രീയവല്ക്കരിക്കപ്പെടുകയും ചെയ്തു. ആദ്യകാല കത്തോലിക്ക സഭ സഹശുശ്രൂഷകന്മാർ ക്രിസ്തുവിന്റെ ശരീര രക്തങ്ങൾ നല്കുന്നത് വിലക്കിയിരുന്നെങ്കിലും മൂപ്പന്റെ അഭാവത്തിൽ അല്ലെങ്കിൽ ഒരു ഗുരുതരമായ ആവശ്യകതയിൽ സ്നാനപ്പെടുത്തുവാനും അനുവദിച്ചിരുന്നു എന്നതു രസകരമാണ്. ഒരു മൂപ്പൻ സഹായം അഭ്യർത്ഥിക്കുമ്പോൾ ദൈവത്തിന്റെ വിശുദ്ധന്മാരുടെയിടയിൽ സഹശുശ്രൂകന്മാർക്ക് സ്നാനനമോ അല്ലെങ്കിൽ തിരുവത്താഴത്തിന്റെ നടത്തിപ്പോ ചെയ്യാമെന്നുള്ളത് ഈ ലേഖകന്റെ ധാരണയും അഭിപ്രായവുമാണ്. ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത് ശുശ്രൂഷകന്മാരുടെ പ്രാഥമിക ഉത്തരവാദിത്വമാണ്. എന്നാൽ ആവശ്യമുള്ളപ്പോൾ സഹശുശ്രൂഷകന്മാർക്ക് (സേവകർ ആയവർ) സഹായിക്കുവാനാകും.

എല്ലാ വിശുദ്ധന്മാരും ചെലവഴിക്കുന്നതിനും സുവിശേഷത്തിനായി സേവനജീവിതം ചെലവഴിക്കുന്നതിനുമായി വിളിക്കപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ഒരു സഹശുശ്രൂഷകന് ക്രിസ്തുവിന്റെ ശരീരത്തിൽ തികയ്ക്കുവാനുള്ള ഉത്തരവാദിത്വങ്ങളുടെ വിളിയും സ്ഥാനവും ഉണ്ട്. ഇത് സ്ഥാനമാനങ്ങളോ ബഹുമതിയോ അല്ല, മറിച്ച് അവിടുത്തെ ജനത്തോടുള്ള ത്യാഗപരമായ സേവനത്തിലൂടെ ദൈവത്തെ പ്രതീപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ്. വിശ്വസ്തനായ ഒരു സഹശുശ്രൂഷകൻ ശുശ്രൂഷയുടെ സഹായിയും ദൈവസഭയുടെ ദാസനും വിലമതിക്കാനാവാത്തവനുമാണ്. ■

# ചോദ്യവും ഉത്തരവും

## ഒരു കാര്യസ്ഥനും (ട്രസ്റ്റി) സഹശുശ്രൂഷകനും (ഡീക്കൻ) തമ്മിലുള്ള വ്യത്യാസം എന്ത്?

ഒരു ട്രസ്റ്റിയുടെ കാര്യാലയം തിരുവെഴുത്തുകളിൻ പ്രകാരം ബൈബിളിൽ നിർദ്ദേശിച്ചിരിക്കുന്ന ഒരു കാര്യാലയം അല്ലെങ്കിലും ഉത്തരവാദിത്വം വഹിക്കുന്നവർ ആകയാൽ ട്രസ്റ്റിയുടെ പങ്ക് തിരുവെഴുത്തുപരമായ ഉചിതമാണ്. ഗ്രഹവിചാരകൻ (Steward) എന്നാണ് അർത്ഥമാക്കുന്നത്. മിക്ക രാജ്യങ്ങളിലും ഒരു സംഘടിതസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതിന് ഒരു ബോർഡ് ഓഫ് ട്രസ്റ്റീസ് അല്ലെങ്കിൽ ഡയറക്ടർ ബോർഡ് പലപ്പോഴും നിയമപരമായി ആവശ്യമാണ്. മിക്കപ്പോഴും സഭയുടെ നിയമപരമായ പ്രമാണപ്രകാരം സഭ നിശ്ചയിച്ചിട്ടുള്ള കാലാവധിയിലേക്ക് ഒരു ട്രസ്റ്റിയെ സഭ തെരഞ്ഞെടുക്കുകയോ നിർദ്ദേശിക്കുകയോ ചെയ്യുന്നു. ട്രസ്റ്റി സഭയുടെ നിയമപരമായ പ്രതിനിധിയാണ്. കൂടാതെ സഭയുടെ സ്വത്ത് ബില്ലുകൾ മുതലായവയ്ക്ക് നിയമപരമായ ഉത്തരവാദിത്വവും വഹിക്കുന്നു. അവർ പലപ്പോഴും സഭയുടെ ഭൗതികവും സാമ്പത്തികവുമായ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. വിളിച്ചുചേർത്തു സ്ഥാപിതമായ സഭയുടെ പേരിൽ വാങ്ങുവാനും വില്ക്കുവാനും നിയമപരമായ രേഖകളിൽ ഒപ്പിടുവാനും ട്രസ്റ്റികൾക്കു അധികാരം ഉണ്ട്. ട്രസ്റ്റികൾ അല്ലെങ്കിൽ ഡയറക്ടർമാർ വിശ്വസ്തതയിൽ പ്രധാന സ്ഥാനം വഹിക്കുകയും മികച്ച സമഗ്രതയും സത്യസന്ധതയുമുള്ളവർ ആയിരിക്കും.

മിക്ക കേസുകളിലും ട്രസ്റ്റി ഒരു സഹശുശ്രൂഷകന്റെ ജോലി ചെയ്യുന്നു, ജോലിയുടെ ഉത്തരവാദിത്വം വളരെയധികം കവിഞ്ഞു കിടക്കുന്നതുമാണ്. സഹശുശ്രൂഷകന്റെ കാര്യാലയം ബൈബിൾ പ്രകാരം നിർബന്ധമായതും സഭയുടെ ആത്മീയ പ്രവർത്തനത്തിൽ ഈ സ്ഥാനത്തിന് വലിയ ആത്മീയ പ്രാധാന്യവും ഉണ്ട്. ഒരു ആത്മീയ കാര്യസ്ഥൻ എന്ന നിലയിൽ സഹശുശ്രൂഷകന്മാർ 1 തിമൊഥെയൊസ് 3ലെ നിശ്ചിത യോഗ്യതകൾ പാലിക്കേണ്ടതുള്ളപ്പോൾ ട്രസ്റ്റികൾ നിയമം അനുശാസിക്കുന്ന നിബന്ധന പ്രകാരം നിലനില്ക്കുന്നവരുമാണ്. ബ്രദർ.എഡ്.വിൽസൺ പ്രസ്താവിച്ചിരിക്കുന്നത് "ബൈബിൾ സഹശുശ്രൂഷകന്മാർക്കുള്ള യോഗ്യതകൾ നല്കുന്നു, ട്രസ്റ്റികൾക്കുള്ള യോഗ്യതകൾ, ഉപനിയമങ്ങളും നല്കുന്നു." എല്ലായ്പ്പോഴും അല്ലെങ്കിലും ഒരു ട്രസ്റ്റി സഹശുശ്രൂഷകന്റെ യോഗ്യതകൾ പാലിച്ചിരിക്കണമെന്ന് ചില സഭകളിൽ ഉപനിയമം അനുശാസിക്കുന്നു. ചില ഗവൺമെന്റുകൾക്ക് സഭയുടെ ട്രസ്റ്റികൾ, അഭിഭാഷകന്മാർ, അദ്ധ്യാപകർ തുടങ്ങിയവരുടെ സമൂഹത്തിൽ നിന്നും ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ നിയമപരമായ ആവശ്യങ്ങളും സഭയുടെ ആത്മീയ ഭരണവും തമ്മിൽ വ്യക്തമായ വ്യത്യാസം ആവശ്യമാണ്. ഒരു എഴുത്തുകാരൻ എഴുതിയതുപോലെ "ഒരു സഹശുശ്രൂഷകൻ ജനങ്ങളുടെ ആവശ്യം നിറവേറ്റുന്നു, ഒരു ട്രസ്റ്റി സ്വത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നു".

## സഹശുശ്രൂഷകന്മാർ അഭിഷേകം ചെയ്യപ്പെടണമോ?

പുതിയനിയമ സഭയിലെ വ്യക്തമായ പഠിപ്പിക്കലും പരിശീലനവുമാണ് മൂപ്പന്മാരുടെ അഭിഷേകം (ഗോസ്പൽ ട്രൂത്ത് ലക്കം 33 കാണുക).തിരുവെഴുത്തുകളുടെ നിർദ്ദേശങ്ങൾ ഒന്നുമില്ലെങ്കിലും, മൂപ്പന്മാരെ നിയമിക്കുന്ന രീതിക്ക് അടിസ്ഥാനമുണ്ട്. പ്രവർത്തികൾ 6ൽ പുരുഷന്മാരെ തെരഞ്ഞെടുത്തശേഷം അപ്പൊസ്തോലന്മാർ പ്രാർത്ഥിച്ച് അവരുടെ കൈവച്ചു. ഇതു ഔപചാരികമായ ഒരു അഭിഷേക പ്രക്രിയയാണോ അതോ അവർ ചെയ്യേണ്ട ജോലിയുടെ സ്ഥിരീകരണത്തിന് വേണ്ടി ആയിരുന്നോ എന്നതിൽ വേദശാസ്ത്രജ്ഞന്മാർക്കിടയിൽ നിന്ന് വിവിധ ചിന്തകൾ ഉണ്ട്. ബ്രദർ. ഒസ്റ്റീസ് വിൽസൺ ഇതിനെക്കുറിച്ച് എഴുതിയത് "സഭയിൽ തിരഞ്ഞെടുക്കപ്പെട്ടവരും അപ്പൊസ്തോലന്മാരാൽ ഈ സേവനത്തിനായി (സഹശുശ്രൂഷകന്മാർ) നിയമിക്കപ്പെട്ടവരുമായ ആത്മാവ് നിറഞ്ഞ ഈ ഏഴു പുരുഷന്മാർ ഈ സാഹചര്യത്തിന്റെ ചുമതല ഏറ്റെടുക്കുകയും ശരിയായ ഗതിയിൽ കാര്യങ്ങൾ നയിക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തിയും ജ്ഞാനവും കൊണ്ട് പ്രാപ്തരാക്കുകയും ചെയ്തു എന്നാണ്.



സഭയിലെ രണ്ട് വ്യത്യസ്ത കാര്യാലയങ്ങളിൽ ഒന്ന് സഹശുശ്രൂഷകന്റേതാണ് എന്ന വസ്തുതയും, ആ കാര്യത്തിലേക്ക് ചരിത്രപരമായി നിലനിന്നിരുന്ന ഒരു നിയമനരീതി ഉണ്ടെന്നതും, സഹശുശ്രൂഷകന്മാരുടെ അഭിഷേകം സ്വീകാര്യമായ സമ്പ്രദായം ആണെന്നു സൂചിപ്പിക്കുന്നു. സഭയുടെ അംഗീകൃത ഔദ്യോഗിക സേവകരായി താല്ക്കാലിക കാര്യങ്ങളിൽ സേവനം അനുഷ്ഠിക്കുവാനുള്ള ആ വ്യക്തികളിലുള്ള ദൈവവിളി സഭ സ്വീകരിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു. ഇതു ഒരു പദവി അല്ല, മറിച്ച് പ്രശ്നങ്ങളുമായി പോകുവാൻ കഴിയുന്ന ആളുകൾ ആണ് എന്ന് വിശുദ്ധന്മാർ മനസ്സിലാക്കുന്നതാണ് പ്രധാനം. (എഡ്. വിൽസൺ 2020) എച്ച്.എം. റിഗിൾ (ചർച്ച് ഓഫ് ഗോഡിന്റെ ആദ്യകാല ശുശ്രൂഷകൻ) എഴുതിയതു: എല്ലാ സഭകളിലും.... കർത്താവ് ചിലരെ വിളിക്കുന്നു, അവന്റെ ആത്മാവിനാൽ അവരെ മൂപ്പന്മാരോ മേലധികാരികളോ ആകുവാൻ യോഗ്യരാക്കുന്നു. മറ്റുള്ളവരെ അവൻ സഹശുശ്രൂഷകന്മാരുടെ വേലയിലേക്ക് വിളിക്കുന്നു. അവന് ഇഷ്ടമുള്ളതുപോലെ ശരീരത്തിലെ അവയവങ്ങളെ അവൻ സജ്ജമാക്കുന്നു. ഈ വിളി തിരിച്ചറിയുന്ന ശുശ്രൂഷ പുരാതനകാലത്തെ അപ്പൊസ്തോലന്മാരെയും ശുശ്രൂഷകന്മാരെയും പോലെ കൈകൾ വയ്ക്കുന്നതിലൂടെ യോഗ്യരായവരെ വിവിധതരം ജോലികൾക്കായി സമർപ്പിക്കുന്നു. ഇതിനെയാണ് അഭിഷേകം എന്നു പറയുന്നത്. സഭയുടെ താല്ക്കാലിക കാര്യങ്ങൾ നോക്കുവാൻ സഹശുശ്രൂഷകന്മാരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നു. (ദി ക്രിസ്ത്യൻ ചർച്ച് 1912)

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ദി ഷെപ്പേർഡ് ഓഫ് ഹെർമസ് (c-150 A.D) അഴിമതിക്കാരായ സഹ ശുശ്രൂഷകന്മാരെക്കുറിച്ച് എഴുതിയത്: “കറകളുള്ള സഹശുശ്രൂഷകന്മാർ തങ്ങളുടെ കാര്യാലയം മോശമായി പ്രവർത്തിപ്പിക്കുകയും വിധവകളുടെയും അനാഥരുടെയും ഉപജീവന മാർഗ്ഗം കൊള്ളയടിക്കുകയും അവർക്കു നിർവ്വഹിക്കുവാൻ ലഭിച്ച ശുശ്രൂഷകളിൽ നിന്ന് തങ്ങൾക്ക് വേണ്ടി നേട്ടമുണ്ടാക്കുകയും ചെയ്തു. (sim., ix, 26)

തക്കസമയത്ത് പറഞ്ഞ വാക്ക്

# സാധുവായൊരു ജ്ഞാനി

യേശു തന്റെ അനുയായികളെ വിനയാന്വിതമായ ഒരു ലളിതമായ ജീവിതത്തിലേക്ക് വിളിച്ചിരിക്കുന്നു. ആളുകൾ പലപ്പോഴും സ്ഥാനത്തിനും അംഗീകാരത്തിനും വേണ്ടി പരിശ്രമിക്കുന്ന മതലോകത്ത് പുരാതന യെരുശലേമിലെ ഒരു രാജാവിന്റെ ദരിദ്രനായ ഒരു ജ്ഞാനിയെക്കുറിച്ചുള്ള കഥ പരിഗണിക്കുക:



“ചെറിയൊരു പട്ടണം ഉണ്ടായിരുന്നു; അതിൽ മനുഷ്യർ പരുക്കന്മാരായിരുന്നു; വലിയൊരു രാജാവ് അതിന്റെ നേരെ വന്നു അതിനെ നിരോധിച്ചു. അതിനെതിരെ വലിയ കൊത്തളങ്ങൾ പണിതു. എന്നാൽ അവിടെ സാധുവായൊരു ജ്ഞാനി പാർത്തിരുന്നു; അവൻ തന്റെ ജ്ഞാനത്താൽ പട്ടണത്തെ രക്ഷിച്ചു. എങ്കിലും ആ സാധു മനുഷ്യനെ ആരും ഓർത്തില്ല. ജ്ഞാനം ബലത്തെക്കാൾ നല്ലതു തന്നെ. എങ്കിലും സാധുവിന്റെ ജ്ഞാനം ബലത്തെക്കാൾ നല്ലതുതന്നെ. എങ്കിലും സാധുവിന്റെ ജ്ഞാനം തുച്ഛീകരിക്കപ്പെടുന്നു. അവന്റെ വാക്ക് ആരും കൂട്ടാക്കുന്നുമില്ല.” (സഭാ പ്രസംഗി 9: 14–17)

ഓ, നമ്മുടെ ഇടയിൽ കൂടുതൽ “പാവപ്പെട്ട ജ്ഞാനികൾ” ഉണ്ടായിരുന്നെങ്കിൽ. നമ്മുടെ പോരാട്ടങ്ങളിലെ വിജയങ്ങളും നമ്മുടെ പ്രശ്നങ്ങൾക്കുമുള്ള പരിഹാരങ്ങളും ലഭിക്കുന്നതു ഉച്ചത്തിലുള്ള ശബ്ദം കൊണ്ടോ കൂടുതൽ അംഗീകരിക്കപ്പെട്ട വ്യക്തിയിൽ കൂടിയോ അല്ല. ജ്ഞാനം സാധാരണ വിശ്വസ്തരായവരുടെ വസതിയിൽ കണ്ടുവരുന്നു. പലപ്പോഴും അവഗണിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുമ്പോൾ പാവപ്പെട്ട ബുദ്ധിമാനായവന്റെ വാക്കുകൾ പട്ടണത്തിനു മോചനം നല്കി. അദ്ദേഹം ഒരു മുൻനിര വീരനോ, ഒരു അംഗീകാരം നല്കിയതായി പ്രഖ്യാപിക്കപ്പെടുകയോ ബഹുമാനാർത്ഥം ആഘോഷങ്ങളോടെ സല്ക്കാരങ്ങൾ നല്കുകയോ, നഗരത്തെ രക്ഷിച്ചവനെ സ്മരിക്കാൻ ഫലകങ്ങളോ പ്രതിമകളോ സ്ഥാപിച്ചില്ല. പട്ടണത്തിലെ ജനങ്ങൾ നാശത്തോട് അടുത്ത് അവിടെ ജീവിച്ചു, ജ്ഞാനിയായ സാധുവിനെ വിസ്മരിക്കുകയും ചെയ്തു.

മിക്കപ്പോഴും, സഭകളിൽ ദൈവത്തിന്റെ പ്രവർത്തി ഒരു പാവപ്പെട്ട ജ്ഞാനിയെയോ സ്ത്രീയെയോ ദൈവം ഉപയോഗിച്ച് വിജയത്തോടെ മുന്നേറുന്നു. അവരുടെ ജോലി പകിട്ടേറിയതോ ആരധകരോ ഇല്ലാത്തതാണ്. അവരുടെ സേവനത്തിനും, ജ്ഞാനത്തിനും, വിശ്വസ്തതയ്ക്കും അശേഷം അംഗീകാരമോ തിരിച്ചറിവോ നല്കുന്നില്ല; പക്ഷേ അവർ ഇല്ലെങ്കിൽ പട്ടണം നശിക്കും. പാവപ്പെട്ട ആ ജ്ഞാനി ലോകശ്രദ്ധ നേടിയവൻ ആയിരുന്നില്ല. എന്നിട്ടും തന്റെ ദാരിദ്ര്യത്തിലും പട്ടണത്തെ രക്ഷിക്കുവാൻ തന്റെ ജ്ഞാനം തക്കസമയത്തു മനസ്സോടെ വാഗ്ദാനം ചെയ്തു. പ്രശസ്തിയോ അംഗീകാരമോ അല്ല, മറിച്ച് ദാരിദ്ര്യത്തിലും ശാന്തമായ ജ്ഞാനത്തോടും ശക്തിയോടും കൂടി തന്റെ ഗുരുവിനെ തേടുവാനാണ് ദൈവം ഓരോ ദൈവഭക്തനെയും ആഹ്വാനം ചെയ്യുന്നത്.

ഞങ്ങളിലെ പാവപ്പെട്ട ജ്ഞാനികളായ സ്ത്രീപുരുഷന്മാരെ നിങ്ങളുടെ സേവനത്തിനും സ്നേഹത്തിനും നന്ദി. ഞങ്ങൾ നിങ്ങളെ സ്നേഹിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**